പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. * 282 07.10.2016 ലെ മറുപടിയ്ക്ക്

# കാർഷിക മേഖലയുടെ പുനരുദ്ധാരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഒ. ആർ. കേളു<br>ശ്രീ.എം.എം. മണി<br>ശ്രീ.പി.വി. അൻവർ<br>ശ്രീ.ജോർജ് എം. തോമസ് | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) പ്രതിസന്ധി നേരിടുന്ന കാർഷിക മേഖലയുടെ സമഗ്ര പുനരുദ്ധാരണത്തിനായി ചെയ്യാനുദ്ദേശിക്കുന്ന കാര്യങ്ങൾ വിശദമാക്കാമോ; | (എ) സംയോജിത കൃഷി രീതി വ്യാപിപ്പിക്കുക എന്നതാണ് സർക്കാരിന്റെ നയം. ഇതിനായി പ്രാദേശികമായി അനുയോജ്യമായ ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉല്പാദനവും വിതരണവും ഊർജ്ജിതപ്പെടുത്തുക, പ്രായോഗികമായ സമീപനത്തിലൂന്നിയ യന്ത്രവൽക്കരണം സാദ്ധ്യമാക്കുക, കർഷകരുടെ കൂടെ പങ്കാളിത്തമുള്ള നേരിട്ടുള്ള വിപണന സംവിധാനം ശക്തിപ്പെടുത്തുക, മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിച്ച് വിതരണം നടത്തി മെച്ചപ്പെട്ട വില ഉറപ്പാക്കുക. ഗുണമേന്മയും സുരക്ഷയും ഉറപ്പാക്കുന്നതിനായി ഗുണനിലവാര പരിശോധന ശക്തിപ്പെടുത്തുക, സംസ്ഥാനത്തെ സവിശേഷമായ കാർഷിക ഉല്പന്നങ്ങൾക്ക് വിപണനം സാദ്ധ്യമാക്കുക എന്നീ പ്രവർത്തനങ്ങളാണ് നടന്നു വരുന്നത്. ഇതിനു പുറമേ പ്രകൃതിയുടെ സംതുലിതാവസ്ഥ നിലനിർത്തുന്നതിനുള്ള നല്ല കൃഷി മുറകൾ ഊന്നൽ നൽകുന്ന പ്രവർത്തനങ്ങളും നടന്നു വരുന്നു. തൊഴിലാളിക്ഷാമം പരിഹരിക്കുന്നതിനായി കാർഷിക കർമ്മസേനകൾ രൂപീകരിച്ച് കർഷകരുടെ കൃഷിയിടത്തിൽ സേവനം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു, |
| (ബി) കാർഷികോല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കാനായി എന്തൊക്കെ പദ്ധതികളുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) ഉല്പാദനക്ഷമതയും ഉല്പാദനവും വർദ്ധിക്കുന്നതിനായി വിളകളെ അടിസ്ഥാനപ്പെടുത്തി താഴെപ്പറയുന്ന പദ്ധതികൾ നടപ്പാക്കി വരുന്നു.<br>1.നെൽകൃഷി വികസനം<br>2.പച്ചക്കറി കൃഷി വികസനം<br>3.നാളികേര വികസന പദ്ധതി<br>4.വിള ആരോഗ്യ പരിപാലനം<br>5.സുഗന്ധവ്യഞ്ജനങ്ങളുടെ വികസനം.<br>6.ഹൈ-ടെക് അഗ്രിക്കൾച്ചർ<br>7.മണ്ണിന്റെ ആരോഗ്യ പരിപാലനവും ഉത്പാദനക്ഷമത |

വർദ്ധിപ്പിക്കലും.
8. കാർഷിക കർമ്മസേനയുടെ സേവനം ഉറപ്പാക്കൽ.

| | | | |
|---|---|---|---|
| (സി) | കാർഷികോല്പന്നങ്ങൾക്ക് ന്യായവില ഉറപ്പിക്കാനായി എന്തൊക്കെ പദ്ധതികളുണ്ടെന്ന് അറിയിക്കാമോ? | (സി) | കർഷകർക്ക് ന്യായവില ഉറപ്പാക്കുന്നതിനായി ഉല്പന്നങ്ങൾ നേരിട്ട് ശേഖരിക്കുന്നതിനും വിപണനം നടത്തുന്നതിനും കർഷകർക്കു കൂടി പങ്കാളിത്തമുള്ള വിപണന കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ വിപണി വില കുറയുന്ന പക്ഷം വിലസ്ഥിരത ഉറപ്പാക്കാനായുള്ള വിപണി ഇടപെടൽ പദ്ധതി നടപ്പാക്കിയിട്ടുണ്ട്.<br>തേങ്ങ, നെല്ല്, റബ്ബർ എന്നിവയ്ക്ക് താങ്ങുവില നിശ്ചയിച്ച് സംഭരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ